# <u>പത്രക്കുറിപ്പ്  (05/07/17)</u>



കഴിഞ്ഞ SSLC പരീക്ഷയിൽ പരാജയപ്പെട്ടവർക്ക് വേണ്ട പരിശീലനവും, സഹായവും നൽകി അടുത്ത പരീക്ഷയിൽ വിജയിക്കുക എന്ന  ലക്ഷ്യത്തോടെ ജില്ലാ പോലീസ് ആരംഭിച്ച " **പ്രോജക്ട് ഹോപ്പ്** " എന്ന പദ്ധതിക്ക് ജില്ലയിൽ തുടക്കമായി. കൊച്ചി റേഞ്ച് IG ശ്രീ. P. വിജയൻ IPS. പദ്ധതി ഉത്ഘാടനം ചെയ്തു. ജില്ലാ പോലീസ് മേധാവി N രാമചന്ദ്രൻ IPS. അദ്ധ്യക്ഷത വഹിച്ചു. ചടങ്ങിൽ ഫാദർ മൈക്കിൾ വെട്ടിക്കാട് , V N രാധാകൃഷ്ണ പിള്ള , റസിഡൻസ് അസോസിയേഷൻ  അപ്പെക്സ് കൌൺസിൽ പ്രസിഡണ്ട്, ഫാദർ. ഡോ. സോണി മുണ്ടുനാടക്കൽ, ശബരിമല മേൽശാന്തി ശങ്കരൻ നമ്പൂതിരി, ജനമൈത്രി പോലീസ് നോഡൽ ഓഫീസർ അസ്സി. കമാണ്ടന്റ് G അശോക് കുമാർ  , പ്രോജക്ട് ഹോപ്പ് ജില്ലാ നോഡൽ ഓഫീസർ DySP ഗിരീഷ് P. സാരഥി എന്നിവർ ആശംസകൾ നേർന്നു. ജില്ലയിലെ പോലീസ് ഓഫീസർമാർ , റസിഡൻസ് അസോസിയേഷൻ ഭാരവാഹികൾ , SPC കേഡറ്റുകൾ , അദ്ധ്യാപകർ എന്നിവർ പങ്കെടുത്തു.